# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6106**

**10-07-2012 ൽ മറുപടിയ്ക്ക്**

## ഭക്ഷ്യസുരക്ഷാ പദ്ധതി

**ചോദ്യം**

ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.അൻവർ സാദത്ത്
ശ്രീ.എ.റ്റി.ജോർജ്
ശ്രീ.വി.റ്റി.ബൽറാം

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കുവാനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാനും എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(എ) കേരളത്തിന്റെ ഭക്ഷ്യസുരക്ഷ ലക്ഷ്യമാക്കി നെൽകൃഷി, പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ, ധാന്യം എന്നിവയുടെ ഉല്പാദന വർദ്ധനവിനായി 100 കോടി രൂപ വകയിരുത്തി ഒരു സംയോജിത കാർഷിക വികസന പദ്ധതി 2012-13 ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ ഘടകങ്ങൾ ഗ്രൂപ്പ് ഫാമിംഗ് പദ്ധതി, നെൽകൃഷി വികസന ഏജൻസികൾ ക്കുള്ള ധനസഹായം, മണ്ണുപരിശോധന, കരനെൽകൃഷി, ഉല്പാദനക്ഷമത കൈവരിക്കുന്നതിനുള്ള ഇൻസെന്റീവ്, പ്രദർശന തോട്ട നിർമ്മാണം, സുഗന്ധ നെൽ ഇനങ്ങളുടെ കൃഷി, പഞ്ചായത്തുതല നെൽകൃഷി വികസനം, തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, നഗര പ്രദേശങ്ങളിലെ കൃഷി, ഗ്രാമ പ്രദേശങ്ങളിലെ വാണിജ്യ പച്ചക്കറി, ഹൈടെക് രീതി മുഖേന പച്ചക്കറി കൃഷി, വി.എഫ്.പി.സി.കെ നടപ്പിലാക്കുന്ന പച്ചക്കറി കൃഷി, പച്ചക്കറി കൃഷികളുടെ ഗവേഷണവും പരിശീലനവും, പയറു വർഗ്ഗങ്ങളുടെയും കിഴങ്ങുവർഗ്ഗങ്ങളുടെയും വികസനം എന്നിവയാണ്.

| | |
|---|---|
| (ബി) ഭക്ഷ്യസുരക്ഷാ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന് യോജ്യമായ മാറ്റങ്ങൾ വരുത്തുന്ന കാര്യം പരിഗണിക്കുമോ ; | (ബി) ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി (നെല്ല്) (എൻ.എഫ്.എസ്.എം) സംസ്ഥാനത്ത് പാലക്കാട് ജില്ലയിൽ നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ പല ഘടകങ്ങളും കേന്ദ്ര സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അതാത് സംസ്ഥാനത്തിന്/പ്രദേശത്തിന് യോജ്യമായതും ആവശ്യമായതും ആയ ഘടകങ്ങൾ തെരഞ്ഞെടുക്കുന്നതിന് സംസ്ഥാനത്തിന് സ്വാതന്ത്ര്യം ഉണ്ട്. ഇപ്രകാരം തെരഞ്ഞെടുത്ത ഘടകങ്ങൾ ജില്ലാതല ഭക്ഷ്യസുരക്ഷാ എക്സിക്യൂട്ടീവ് കമ്മിറ്റി , സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റി എന്നീ കമ്മിറ്റികളിൽ ചർച്ച ചെയ്ത് അംഗീകരിക്കേണ്ടതാണ്. ഇപ്രകാരം അംഗീകരിച്ച പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകുന്നു. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) സംസ്ഥാനം സമർപ്പിച്ച പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിന് 259.39 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ